
# ശ്രീശങ്കറിനും അപർണയ്ക്കും ജി വി രാജ പുരസ്കാരം

- പി എസ് വിനോദ് മികച്ച പരിശീലകൻ
- ടി കെ ചാത്തുണ്ണിക്കും പുരസ്കാരം


അപർണ ബാലൻ


എം ശ്രീശങ്കർ


പി എസ് വിനോദ്


ടി കെ ചാത്തുണ്ണി

**തിരുവനന്തപുരം**

സംസ്ഥാന സ്പോർട്സ് കൗൺസിൽ ഏർപ്പെടുത്തിയ 2020–21ലെ ജി വി രാജ പുരസ്കാരം ലോങ്ജമ്പ് താരം എം ശ്രീശങ്കറിനും ബാഡ്മിന്റൺ കളിക്കാരി അപർണ ബാലനും. മൂന്നുലക്ഷം രൂപയും ഫലകവും പ്രശസ്തിപത്രവുമാണ് അവാർഡ്.

ഫുട്ബോൾ പരിശീലകൻ ടി കെ ചാത്തുണ്ണിക്കാണ് ഒളിമ്പ്യൻ സുരേഷ് ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെന്റ് ബഹുമതി. രണ്ടു ലക്ഷം രൂപയും ഫലകവും പ്രശസ്തിപത്രവും. 20ന് പകൽ 11ന് തിരുവനന്തപുരം ജിമ്മി ജോർജ് സ്റ്റേഡിയത്തിൽ നടക്കുന്ന പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാരങ്ങൾ സമ്മാനിക്കുമെന്ന് സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് യു ഷറഫലി വാർത്താസമ്മേളനത്തിൽ അറിയിച്ചു. സ്പോർട്സ് മന്ത്രി വി അബ്ദുറഹിമാൻ അധ്യക്ഷനാകും.

മികച്ച കോച്ചിനുള്ള ഒരുലക്ഷം രൂപയും പ്രശസ്തിപത്രവും ഫലകവും നീന്തൽ പരിശീലകൻ പി എസ് വിനോദിനാണ്. മികച്ച കായികനേട്ടങ്ങൾ കൈവരിച്ച കോളേജ് പാലാ അൽഫോൺസയാണ്. 50,000 രൂപയും പ്രശസ്തിപത്രവും ഫലകവും ലഭിക്കും.

മികച്ച സ്പോർട്സ് റിപ്പോർട്ടറായി അനിരു അശോകനെയും (മാധ്യമം) ഫോട്ടോഗ്രഫറായി ജോസ്‌കുട്ടി പനയ്ക്കലിനെയും (മലയാള മനോരമ) തെരഞ്ഞെടുത്തു. ദൃശ്യമാധ്യമ അവാർഡ് ഏഷ്യാനെറ്റിലെ ജോബി ജോർജിനാണ്. ഇവർക്കും 50,000 രൂപയും പ്രശസ്തിപത്രവും ഫലകവും ലഭിക്കും. സ്പോർട്സ് കൗൺസിൽ സെക്രട്ടറി എ ലീനയും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## ആദ്യം അമ്മയ്ക്ക്; ഇപ്പോൾ മകനും

**പാലക്കാട്**

ജി വി രാജ പുരസ്കാരം ലഭിച്ച വിവരം അറിയുമ്പോൾ എം ശ്രീശങ്കറും അച്ഛനും കോച്ചുമായ എസ് മുരളിയും ഗ്രീസിലെ ഏതൻസിലാണ്. പുരസ്കാരം ലഭിച്ചതിൽ ഏറെ സന്തോഷമുണ്ടെന്ന് ശ്രീശങ്കർ പറഞ്ഞു. അംഗീകാരങ്ങൾ ഏപ്പോഴും പ്രചോദനമാണ്. അടുത്ത മത്സരങ്ങൾക്ക് അത് ഊർജം പകരുമെന്നും ശ്രീശങ്കർ പറഞ്ഞു. മകന്റെ നേട്ടത്തിൽ അഭിമാനമുണ്ടെന്ന് മുരളി പറഞ്ഞു.

അമേരിക്കയിലെ പരിശീലനത്തിനും മത്സരത്തിനും ശേഷമാണ് ഗ്രീസിലെത്തിയത്. 24ന് നടക്കുന്ന മീറ്റിൽ പങ്കെടുക്കുന്നുണ്ട്. ജൂണിൽ രണ്ട് ചാമ്പ്യൻഷിപ്പുകളിൽക്കൂടി മത്സരിക്കും. അതിലൊന്ന് പാരിസിലാണ്. കഴിഞ്ഞയാഴ്ച അമേരിക്കയിലെ ചുലാവിസ്തയിൽ നടന്ന മീറ്റിൽ സ്വർണം നേടിയിരുന്നു. ഈ സീസണിലെ ആദ്യ രാജ്യാന്തര മീറ്റ് സ്വർണമാണ്.

ശ്രീശങ്കറിന്റെ അമ്മ കെ എസ് ബിജിമോൾക്ക് 1997ൽ ജി വി രാജ പുരസ്കാരം ലഭിച്ചിട്ടുണ്ട്. ജൂനിയർ ഏഷ്യൻ ട്രാക്ക് ആൻഡ് ഫീൽഡ് മീറ്റിൽ 800 മീറ്ററിൽ വെള്ളിയും 4X400 മീറ്റർ റിലേയിൽ സ്വർണവും നേടിയിട്ടുണ്ട്. മകന്റെ നേട്ടത്തിൽ സന്തോഷമുണ്ടെന്ന് ബിജിമോൾ പറഞ്ഞു.

## വൈകിക്കിട്ടിയതിന് മധുരം കൂടുതൽ

**കോഴിക്കോട്**

വൈകി കിട്ടുന്നതിനാണ് മധുരം കൂടുതലെന്ന് അപർണ ബാലൻ. അതിനാൽ പുരസ്കാരം ഏറെ പ്രിയപ്പെട്ടതാണ്. എന്റെ കരിയറിന് താങ്ങായിനിന്ന എല്ലാവർക്കുമുള്ളതാണ് ഈ അംഗീകാരം. വനിതകൾ കായികമേഖലയിൽ തുടരുന്നത് ഏറെ പ്രയാസങ്ങൾ നേരിട്ടാണ്. വ്യക്തിപരമായ പല സന്തോഷങ്ങളും വേണ്ടെന്നുവയ്ക്കേണ്ടിവരും.

ആ പ്രയാസങ്ങളെല്ലാം മറക്കുക ഇത്തരം സന്തോഷങ്ങളിലൂടെയാണെന്ന് അപർണ പ്രതികരിച്ചു.

ലോക ബോക്സിങ് ചാമ്പ്യൻഷിപ്

# മൂന്ന് മെഡൽ ഉറപ്പിച്ച് ഇന്ത്യ

- ദീപക് ബോറിയ, മുഹമ്മദ് ഹുസാമുദീൻ, നിഷാന്ത് ദേവ് എന്നിവർ സെമിയിലെത്തി
- സെമി നാളെ


ദീപക് ബോറിയ


നിഷാന്ത് ദേവ്


മുഹമ്മദ് ഹുസാമുദീൻ

**താഷ്കെന്റ്**

പുരുഷന്മാരുടെ ലോക ബോക്സിങ് ചാമ്പ്യൻഷിപ്പിൽ ആദ്യമായി ഇന്ത്യ മൂന്ന് മെഡൽ ഉറപ്പിച്ചു. ദീപക് ബോറിയ (51 കിലോഗ്രാം), മുഹമ്മദ് ഹുസാമുദീൻ (57 കിലോഗ്രാം), നിഷാന്ത് ദേവ് (71 കിലോഗ്രാം) എന്നിവർ സെമിയിലെത്തിയതോടെയാണ് മെഡലുറപ്പായത്. നാളെയാണ് സെമിഫൈനൽ.


രണ്ടുതവണ കോമൺവെൽത്ത് ഗെയിംസ് വെങ്കലം നേടിയ ഹുസാമുദീൻ ബൾഗേറിയയുടെ ദിയാസ് എൽബനേസിനെ കീഴടക്കി. ദീപക് ബോറിയ ക്വാർട്ടറിൽ തോൽപ്പിച്ചത് കിർഗിസ്ഥാന്റെ നുർസിജിത് ഡിയുഷിബേവിനെയാണ്. നിഷാന്ത് ഏകപക്ഷീയമായ മത്സരത്തിൽ ക്യൂബയുടെ ജോർജ് ക്യല്ലറെ പരാജയപ്പെടുത്തി.

ഇന്ത്യ ഇതുവരെ ഏഴ് ലോകമെഡലുകൾ നേടിയിട്ടുണ്ട്. 2019ൽ അമിത് പംഗലിന്റെ വെള്ളിയും മനീഷ് കൗശിക്കിന്റെ വെങ്കലവുമാണ് വലിയ നേട്ടം. 2021ൽ ആകാശ് കുമാർ, 2017ൽ ഗൗരവ് ബിധുരി, 2015ൽ ശിവ്ഥാപ്പ, 2011ൽ വികാസ് കൃഷൻ, 2009ൽ വിജേന്ദർ സിങ് എന്നിവരാണ് മെഡൽ നേട്ടക്കാർ.

# അടി, തിരിച്ചടി

- ചാമ്പ്യൻസ് ലീഗിൽ റയൽ മാഡ്രിഡ്–മാഞ്ചസ്റ്റർ സിറ്റി ആദ്യപാദ സെമി 1–1
- റയലിനായി വിനീഷ്യസ് ലക്ഷ്യം കണ്ടു
- ഡി ബ്രയ്ൻ സിറ്റിക്ക് സമനിലയൊരുക്കി
- രണ്ടാംപാദം 16ന്


സിറ്റിയുടെ ഗോൾ നേടിയ ഡിബ്രയ്നെ ബെർണാഡോ സിൽവയും ഹാലണ്ടും അഭിനന്ദിക്കുന്നു


റയലിനായി ഗോൾ നേടിയ വിനീഷ്യസിന്റെ ആഹ്ലാദം

**മാഡ്രിഡ്**

സാന്റിയാഗോ ബെർണബ്യൂവിൽ മാഞ്ചസ്റ്റർ സിറ്റി അതിജീവിച്ചു. റയൽ മാഡ്രിഡിന്റെ രാവണൻകോട്ടയിൽ 1–1ന്റെ സമനിലയുമായി സിറ്റി തിരിച്ചുകയറി. ചാമ്പ്യൻസ് ലീഗ് ഫുട്ബോളിന്റെ ആദ്യപാദ സെമിയിൽ കെവിൻ ഡി ബ്രയ്നിന്റെ അതിമനോഹര ഗോളിലാണ് റയൽ തട്ടകത്തിൽ സിറ്റി സമനില പിടിച്ചത്. വിനീഷ്യസ് ജൂനിയറിന്റെ അത്യുഗ്രൻ ഗോൾകൊണ്ട് റയലാണ് കളിക്ക് ചൂടുപിടിപ്പിച്ചത്. രണ്ടാംപാദം 16ന് സിറ്റി തട്ടകമായ ഇത്തിഹാദ് സ്റ്റേഡിയത്തിലാണ്.

പ്രതീക്ഷിച്ചപോലെ വാശിയേറിയ പോരാട്ടമായിരുന്നു ബെർണബ്യൂവിൽ. ആദ്യം സിറ്റിയുടെ പന്ത് കൈവശംവച്ചുള്ള കളി. പിന്നെ റയലിന്റെ അപ്രതീക്ഷിത ആക്രമണവും വിനീഷ്യസിന്റെ സൂപ്പർ ഗോളും. രണ്ടാംപകുതിയുടെ തുടക്കത്തിൽ റയലിന്റെ ആധിപത്യത്തിനിടെ ഡി ബ്രയ്ന്റെ ചാട്ടുളിയിൽ സിറ്റിയുടെ തിരിച്ചുവരവ്. ഇരുവശത്തും ഗോൾ കീപ്പർമാരുടെ കണ്ണഞ്ചിപ്പിക്കുന്ന പ്രകടനങ്ങളും കണ്ടു.

പതിനാലുതവണ ചാമ്പ്യൻമാരായ, നിലവിലെ ജേതാക്കളായ റയലിനുമുന്നിൽ സിറ്റി ഒരുങ്ങിത്തന്നെയാണ് ഇറങ്ങിയത്. മധ്യനിരയിൽ ജാക് ഗ്രീലിഷും ഡി ബ്രയ്നും ഇകായ് ഗുൺഡോവനും റോഡ്രിയുമെല്ലാം പന്തൊഴുക്കി. എർലിങ് ഹാലണ്ടായിരുന്നു ലക്ഷ്യം. എന്നാൽ, റയൽ പ്രതിരോധക്കാരായ അന്റോണിയോ റൂഡിഗറും ഡേവിഡ് അലാബയും ഹാലണ്ടിനെ പിടിയിലൊതുക്കി. എങ്കിലും രണ്ടുതവണ ഹാലണ്ട് റയൽ ഗോൾ കീപ്പർ തിബൗ കുർട്ടോയെ പരീക്ഷിച്ചു. ഡി ബ്രയ്ന്റെയും റോഡ്രിയുടെയും ശ്രമങ്ങളും കുർട്ടോ തടഞ്ഞു. ആദ്യ 16 മിനിറ്റിൽ നാല് രക്ഷപ്പെടുത്തലുകൾ.

എന്നാൽ, റയൽ കളി പിടിച്ചു. ലൂക്കാ മോഡ്രിച്ചും എഡ്വാർഡോ കമവിംഗയും ചേർന്ന് തുടക്കമിട്ട ഒന്നാന്തരം നീക്കം. തുടർന്ന് കമവിംഗയുടെ കുതിപ്പ്. തക്കംപാർത്തുനിന്ന വിനീഷ്യസിലേക്ക്. സിറ്റി പ്രതിരോധക്കാരൻ റൂബെൻ ഡയസിനെ കാഴ്ചക്കാരനാക്കി, 25 വാരനിന്നുള്ള വിനീഷ്യസിന്റെ മിന്നൽഷോട്ട് എഡേഴ്സണെയും മറികടന്ന് വലതുളച്ചു. അതുവരെ പതുങ്ങിയ റയൽ നിര പിന്നെ കളംഭരിച്ചു. ആ ഗോളിൽ സിറ്റിയാകെ ഉലഞ്ഞു.

രണ്ടാംപകുതിയുടെ തുടക്കംമുതൽ റയലിന്റെ കാലിലായി കളി. കമവിംഗയായിരുന്നു അപകടകാരി. എന്നാൽ, അപ്രതീക്ഷിതമായൊരു നീക്കത്തിലൂടെ സിറ്റി തിരിച്ചടിച്ചു. ഗുൺഡോവൻ ബോക്സിന് മുന്നിൽവച്ച് ഡി ബ്രയ്നെ കണ്ടു. ബൽജിയംകാരന്റെ തകർപ്പനടിയിൽ കുർട്ടോ വിളറിപ്പോയി. കളി മുറുകി. ഇതിനിടെ ബെൻസെമയുടെ ഹെഡർ എഡേഴ്സൺ ഒറ്റക്കൈകൊണ്ട് തട്ടിയകറ്റി. പകരക്കാരനായെത്തിയ ഓർലിയെൻ ചൗമെനി റയലിന് ജയമൊരുക്കി എന്ന് തോന്നിപ്പിച്ചതാണ്. എന്നാൽ, ഫ്രഞ്ചുകാരന്റ കരുത്തുറ്റ ലോങ് റേഞ്ചർ ഷോട്ട് ഒറ്റക്കൈയാൽ കുത്തിയകറ്റി എഡേഴ്സൺ വീണ്ടും രക്ഷകനായി.

അവസാന നിമിഷങ്ങളിൽ കാർലോ ആൻസലോട്ടിയുടെ സംഘം സിറ്റി ഗോൾമുഖത്ത് കനത്ത ആക്രമണം നടത്തി. കൈൽ വാൾക്കറുടെ പ്രതിരോധ മികവിൽ സിറ്റി രക്ഷപ്പെടുകയായിരുന്നു.

തോൽവിയറിയാത്ത 21 മത്സരങ്ങളാണ് സിറ്റി പൂർത്തിയാക്കിയത്. അതിൽ 17 ജയവും ഉൾപ്പെടും. സ്വന്തം തട്ടകത്തിലെ രണ്ടാംപാദ സെമിയിലാണ് സിറ്റിയുടെ പ്രതീക്ഷ. ഇംഗ്ലീഷ് പ്രീമിയർ ലീഗിലും എഫ്എ കപ്പിലും ഗ്വാർഡിയോളയുടെ സംഘം കിരീടസ്വപ്നത്തിലാണ്.

# സബ്ജൂനിയർ ബാസ്കറ്റ്ബോൾ തുടങ്ങി

**തിരുവനന്തപുരം**

സംസ്ഥാന സബ്ജൂനിയർ ബാസ്കറ്റ്ബോൾ ചാമ്പ്യൻഷിപ് പ്രാവച്ചമ്പലം മാർഗ്രിഗോറിയസ് സ്കൂൾ ഇൻഡോർ സ്റ്റേഡിയത്തിൽ തുടങ്ങി. ആൺകുട്ടികളുടെ വിഭാഗത്തിൽ എറണാകുളം 41–34ന് മലപ്പുറത്തെ തോൽപ്പിച്ചു. തൃശൂർ 38–2ന് പാലക്കാടിനെ തകർത്തു.

ഇടുക്കി കണ്ണൂരിനെ പരാജയപ്പെടുത്തി (31–21). ആലപ്പുഴയാണ് നിലവിലെ ചാമ്പ്യൻമാർ. പെൺകുട്ടികളിൽ കോഴിക്കോട്. 14 വരെ നടക്കുന്ന ചാമ്പ്യൻഷിപ് മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു.

# ആൽവേസിന്റെ ജാമ്യാപേക്ഷ വീണ്ടും തള്ളി

**മാഡ്രിഡ്**

ലൈംഗിക ആരോപണത്തിൽ ജയിലിൽ കഴിയുന്ന ബ്രസീൽ ഫുട്ബോൾ താരം ഡാനി ആൽവേസിന്റെ ജാമ്യാപേക്ഷ സ്പാനിഷ് കോടതി വീണ്ടും തള്ളി. അന്വേഷണം തുടരുകയാണ്. നാൽപ്പതുകാരനായ ആൽവേസ് ജനുവരിമുതൽ ജയിലിലാണ്. ബാഴ്സയ്ക്കായി 408 മത്സരങ്ങളിൽ കളിച്ചിട്ടുണ്ട് പ്രതിരോധക്കാരൻ.

# മലയാളികൾ വോളി ക്യാമ്പിൽ

**തിരുവനന്തപുരം**

ബഹ്റൈനിലെ മനാമയിൽ നടക്കുന്ന ലോക അണ്ടർ 21 പുരുഷ വോളിബാൾ ചാമ്പ്യൻഷിപ്പിനുള്ള ഇന്ത്യൻ ക്യാമ്പിലേക്ക് കോഴിക്കോട് സായിയിലെ രണ്ട് മലയാളി താരങ്ങൾ. ജോയൽ ജോർജും ജിബിൻ ജോബും കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ്സ് കോളേജ് വിദ്യാർഥികളണ്. തിരുവനന്തപുരം കാര്യവട്ടം സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (സായി എൽഎൻസിപി) കേന്ദ്രത്തിലെ നാഗേഷും സാകേത് വർമയും ക്യാമ്പിലുണ്ട്.

# ലോർഡ്സിന് തോൽവി

**അഹമ്മദാബാദ്**

ഇന്ത്യൻ വനിതാ ഫുട്ബോൾ ലീഗിൽ കൊച്ചി ലോർഡ്സ് എഫ്എ 1–3ന് ചർച്ചിൽ ബ്രദേഴ്സിനോട് തോറ്റു. ആറ് കളിയിൽ അഞ്ചും തോറ്റു.

### പോയിന്റ് പട്ടിക

(ടീം, കളി, ജയം, തോൽവി, പോയിന്റ്)

| | | | | |
|---|---|---|---|---|
| ഗുജറാത്ത് | 11 | 8 | 3 | 16 |
| ചെന്നൈ | 12 | 7 | 4 | 15 |
| മുംബൈ | 11 | 6 | 5 | 12 |
| ലഖ്നൗ | 11 | 5 | 5 | 11 |
| രാജസ്ഥാൻ | 11 | 5 | 6 | 10 |
| കൊൽക്കത്ത | 11 | 5 | 6 | 10 |
| ബാംഗ്ലൂർ | 11 | 5 | 6 | 10 |
| പഞ്ചാബ് | 11 | 5 | 6 | 10 |
| ഹൈദരാബാദ് | 10 | 4 | 6 | 8 |
| ഡൽഹി | 11 | 4 | 7 | 8 |


ചെന്നൈയുടെ രണ്ട് വിക്കറ്റെടുത്ത ഡൽഹി സ്പിന്നർ അക്സർ പട്ടേലിനെ സഹതാരങ്ങൾ അഭിനന്ദിക്കുന്നു

# ചെന്നൈയ്ക്ക് 27 റൺ ജയം

ചെന്നൈ 8–167
ഡൽഹി 8–140

**ചെന്നൈ**

ഐപിഎൽ ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസിന് തോൽവിയിൽനിന്ന് കരകയറാനാകുന്നില്ല. ചെന്നൈ സൂപ്പർ കിങ്സിനോട് 27 റണ്ണിന് തോറ്റു. 11 കളിയിൽ ഏഴാംതോൽവിയോടെ അവസാനസ്ഥാനത്താണ് ഡൽഹി. ചെന്നൈ രണ്ടാംസ്ഥാനത്തും. സ്കോർ: ചെന്നൈ 8–167, ഡൽഹി 8–140.


താരതമ്യേന കുറഞ്ഞ ലക്ഷ്യമായിട്ടും ഡൽഹി ബാറ്റർമാർ പരാജയപ്പെട്ടു. ക്യാപ്റ്റനും ഓപ്പണറുമായ ഡേവിഡ് വാർണർ റണ്ണെടുക്കാതെ പുറത്തായി. 35 റണ്ണെടുത്ത റിലീ റോസോയാണ് ഉയർന്ന സ്കോറുകാരൻ. ഫിലിപ് സാൾട്ട് (17), മിച്ചൽ മാർഷ് (5), മനീഷ് പാണ്ഡെ (27) എന്നിവർ നിരാശപ്പെടുത്തി. അവസാന ഓവറുകളിൽ അക്സർ പട്ടേൽ (21) കൂറ്റൻ അടികൾക്ക് ശ്രമിച്ചെങ്കിലും വൈകിപ്പോയി. ചെന്നൈയുടെ മതീഷ പതിരണയ്ക്ക് മൂന്നും ദീപക് ചഹാറിന് രണ്ടും വിക്കറ്റുണ്ട്.

ആദ്യം ബാറ്റ് ചെയ്ത ചെന്നൈ നിരയിൽ 12 പന്തിൽ 25 റണ്ണെടുത്ത ശിവം ദുബെയാണ് ഉയർന്ന സ്കോറുകാരൻ. ഓപ്പണർമാരായ ഋതുരാജ് ഗെയ്ക്ക്വാദിനെയും (24) ഡെവൻ കോൺവെയെയും (10) സ്പിന്നർ അക്സർ പട്ടേൽ തളച്ചു. അജിൻക്യ രഹാനെയ്ക്കും (21) മൊയീൻ അലിക്കും (7) പിടിച്ചുനിൽക്കാനായില്ല. 17 പന്തിൽ 23 റണ്ണുമായി അമ്പാട്ടി റായ്ഡുവും ബാറ്റ് താഴ്ത്തി.

രവീന്ദ്ര ജഡേജയും ക്യാപ്റ്റൻ എം എസ് ധോണിയും ചേർന്ന് പൊരുതാനുള്ള സ്കോർ സമ്മാനിച്ചു. ഇവർ 16 പന്തിൽ നേടിയ 38 റൺ നിർണായകമായി. അവസാന ഓവറിൽ മിച്ചൽ മാർഷ് ജഡേജയെയും (16 പന്തിൽ 21) ധോണിയെയും (9 പന്തിൽ 20) പുറത്താക്കി. മാർഷ് മൂന്ന് ഓവറിൽ 18 റൺ വഴങ്ങി മൂന്ന് വിക്കറ്റെടുത്തു.

# ബുസ്ക്വെറ്റ്സ് ബാഴ്സ വിടുന്നു

- ബാഴ്സയിൽ 18 വർഷം
- 718 മത്സരം, 18 ഗോൾ
- കൂടുതൽ മത്സരം കളിച്ചതിൽ മൂന്നാമത്



**നൗകാമ്പ്**

സെർജിയോ ബുസ്ക്വെറ്റ്സ് ഇനി ബാഴ്സലോണ കുപ്പായത്തിൽ കളിക്കില്ല. ഈ സീസണോടെ മുപ്പത്തിനാലുകാരൻ ക്ലബ് വിടും. 18 വർഷമാണ് ബുസ്ക്വെറ്റ്സ് ബാഴ്സയ്ക്കായി പന്ത് തട്ടിയത്. 718 മത്സരങ്ങളിൽ കളിച്ചു. ക്ലബ്ബിനായി ഏറ്റവും കൂടുതൽ മത്സരങ്ങളിൽ കളിച്ചവരിൽ മൂന്നാമൻ.

ബാഴ്സയ്ക്കൊപ്പം മൂന്ന് ചാമ്പ്യൻസ് ലീഗ് കിരീടങ്ങളിൽ പങ്കാളിയായി. എട്ട് സ്പാനിഷ് ലീഗ് കിരീടങ്ങൾ, ഏഴ് സ്പാനിഷ് സൂപ്പർ കപ്പ്, മൂന്ന് ക്ലബ് ലോകകപ്പ് എന്നിവയും നേടി.

'ഇതൊരു എളുപ്പത്തിലുള്ള തീരുമാനമല്ല. എന്നാൽ, സമയമായിരിക്കുന്നു. മറക്കാൻ കഴിയാത്ത യാത്രയായിരുന്നു. ഈ സ്റ്റേഡിയത്തിൽ കളിക്കുകയും ക്ലബ്ബിന്റെ കുപ്പായമണിയുകയും ചെയ്യുക എന്നത് എന്റെ എക്കാലത്തെയും സ്വപ്നമായിരുന്നു'– ബുസ്ക്വെറ്റ്സ് പറഞ്ഞു.

2005ൽ യൂത്ത് ടീമിലെ കളിക്കാരനായിട്ടാണ് ബുസ്ക്വെറ്റ്സ് ബാഴ്സയിൽ എത്തുന്നത്. പെപ് ഗ്വാർഡിയോള പരിശീലകനായ 2008ൽ സീനിയർ ടീമിനായി അരങ്ങേറി. പ്രതിരോധത്തിലേക്ക് ഇറങ്ങിക്കളിക്കുന്ന മധ്യനിരതാരമാണ്. 18 ഗോളടിച്ചപ്പോൾ 40 എണ്ണത്തിന് അവസരമൊരുക്കി.

കഴിഞ്ഞ ഡിസംബറിലാണ് സ്പാനിഷ് ദേശീയ ടീമിൽനിന്ന് വിരമിക്കുന്നത്. 2010 ലോകകപ്പ് നേട്ടത്തിലും 2012ലെ യൂറോപ്യൻ കിരീടത്തിലും പങ്കാളിയായി.